പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3157 13-03-2017-ലെ മറുപടിയ്ക്ക്

## കാർഷിക മേഖലയുടെ വികസനത്തിന് 35 ഇന കർമ്മ പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. വി.പി.സജീന്ദ്രൻ | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്തെ കാർഷിക മേഖലയുടെ വികസനത്തിന് 35 ഇന കർമ്മ പരിപാടി ഈ സർക്കാർ പ്രഖ്യാപിച്ചിരുന്നുവോ; വിശദമാക്കാമോ; | **(എ)** അതെ, മൂല്യവർദ്ധിത വ്യവസായങ്ങൾ, കാർഷിക വരുമാന ഉറപ്പ് പദ്ധതി, ജലസുരക്ഷാ ക്യാമ്പയിൻ, ഭക്ഷ്യ സുരക്ഷ, ശുചിത്വകേരളം, സാമൂഹ്യ സുരക്ഷാ പെൻഷൻ എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള 35 ഇനകർമ്മ പരിപാടിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| **(ബി)** എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിവരിക്കാമോ; | **(ബി)** 1)<u>മൂല്യവർദ്ധിത വ്യവസായങ്ങൾ</u><br>കൃഷിക്കാരുടെ പ്രൊഡ്യൂസർ കമ്പനികളുടെ ആഭിമുഖ്യത്തിൽ നാളികേരം, റബ്ബർ, സുഗന്ധദ്രവ്യങ്ങൾ തുടങ്ങിയ കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ ശൃംഖലയ്ക്ക് രൂപം നൽകുക<br>2)<u>കാർഷിക വരുമാനം ഉറപ്പ് പദ്ധതി</u><br>കർഷകർക്ക് മിനിമം വരുമാനം ഉറപ്പ വരുത്തുന്ന പദ്ധതി ആരംഭിക്കുക, എല്ലാ പഞ്ചായത്തുകളിലും ലേബർ ബാങ്ക് സൃഷ്ടിക്കുക. കർഷക തൊഴിലാളികൾക്ക് ആധുനിക കൃഷി രീതിയിൽ പരിശീലനം നൽകുക.<br>3)<u>ജലസുരക്ഷാ ക്യാമ്പയിൻ</u><br>ജലസുരക്ഷയ്ക്കുവേണ്ടി ഒരു ബൃഹത് ക്യാമ്പയിൻ, സമഗ്രമായ മണ്ണ് ജലസംരക്ഷണം എന്നിവ നടപ്പാക്കുക<br>4)<u>ഭക്ഷ്യ സുരക്ഷ</u><br>പച്ചക്കറി,പാൽ, മുട്ട എന്നിവയിൽ സ്വയം |

പര്യാപ്തത കൈവരിക്കുക. നെൽകൃഷിയുടെ വിസ്തീർണ്ണം 3 ലക്ഷം ഹെക്ടർ ആയി ഉയർത്തുക

5) ശുചിത്വകേരളം

ഉറവിട മാലിന്യ സംസ്കരണം സാദ്ധ്യമാക്കുക

6) സാമൂഹ്യസുരക്ഷാ പെൻഷൻ കാലോചിതമായി പരിഷ്കരിക്കുക

**(സി)** കർമ്മ പരിപാടികളിൽ എത്രയെണ്ണം ഇതുവരെ നടപ്പാക്കിയിട്ടുണ്ടെന്നും ബാക്കിയുള്ളവ എന്നു നടപ്പാക്കുമെന്നും വ്യക്തമാക്കുമോ?

**(സി)** കർഷക പെൻഷൻ 2016 ജൂൺ മാസം മുതൽ പ്രതിമാസം 1000 രൂപയായി ഉയർത്തി വിതരണം ചെയ്തു വരികയുമാണ്. കർഷക പെൻഷൻ അടുത്ത സാമ്പത്തിക വർഷം മുതൽ 1100 രൂപയായി ഉയർത്തിയിട്ടുണ്ട്.

അവശേഷിക്കുന്നവയിൽ 3 ഇനങ്ങളുടെ നിർവ്വഹണം പുരോഗമിച്ചു വരുന്നു. ലക്ഷ്യമിടുന്ന കർമ്മപരിപാടികൾ വരുന്ന 5 വർഷക്കാലയളവിനുള്ളിൽ ഫലപ്രാപ്തിയിലെത്തിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

സെക്ഷൻ ഓഫീസർ